# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.30 — 28.11.2018-ൽ മറുപടിക്ക്

### വിവിധ തസ്തികകളിലെ പി.എസ്.സി.നിയമനം

**ചോദ്യം**
ശ്രീ. കെ.ജെ. മാക്സി

**ഉത്തരം**
പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2018 ഒക്ടോബർ വരെ 85,621 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സമയബന്ധിതമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരുന്നതു കാരണം എത്ര റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നീട്ടിക്കൊടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | 30.06.2016 ന് നിലവിലുണ്ടായിരുന്നതും 30.12.2016 വരെ കാലയളവിൽ കാലാവധി അവസാനിച്ചതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി വ്യവസ്ഥകൾക്ക് വിധേയമായി 31.12.2016 വരെയും 31.12.2016 ന് നിലവിലുണ്ടായിരുന്നതും 29.06.2017 വരെയുള്ള കാലയളവിൽ കാലാവധി അവസാനിച്ചതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി വ്യവസ്ഥകൾക്ക വിധേയമായി 30.06.2017 വരെയും ദീർഘിപ്പിച്ച് നൽകിയിരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ വകുപ്പുകളിൽ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | വിവിധ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം ബന്ധപ്പെട്ട വകുപ്പ് മേധാവികൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ഡി) | ഒഴിവുകൾ യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പു മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ പി.എസ്സി.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരോട് വിശദീകരണം തേടുകയും സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. |
| (ഇ) | എങ്കിൽ പ്രസ്തുത നിർദ്ദേശം പാലിക്കാത്ത എത്ര ജീവനക്കാർക്കെതിരെ ഈ സർക്കാർ നടപടി സ്വീകരിച്ചുവെന്നും അവർ ആരെല്ലാമെന്നും വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ? | (ഇ) | വിവരം ശേഖരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ